A

# സമഗ്ര ശിക്ഷാ കേരളം

705

## വാർഷിക മൂല്യനിർണ്ണയം 2022-23

## സാമൂഹ്യശാസ്ത്രം

ക്ലാസ്: 7 | സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ


1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 10 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 8 പ്രവർത്തനങ്ങളിൽ നൽകിയിട്ടുള്ള എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം - 1**

**ഗാന്ധിജിയുടെ വരവോടെ ദേശീയ പ്രസ്ഥാനത്തിന്റെ മൂന്നാംഘട്ടം ആരംഭിച്ചു. 1919 മുതൽ 1947 വരെയുള്ള കാലഘട്ടം ഗാന്ധിയൻ കാലഘട്ടമെന്ന് അറിയപ്പെടുന്നു.**

കൊളാഷ് ശ്രദ്ധിക്കൂ.




എ) ഗാന്ധിജി ഗുജറാത്തിലെ അഹമ്മദാബാദിൽ സ്ഥാപിച്ച ആശ്രമം ഏതാണ്?

ബി) ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യകാല സമര രീതിയുടെ സവിശേഷതകൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

**പ്രവർത്തനം - 2**

**ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത് പാർലമെന്ററി ജനാധിപത്യ ഭരണസമ്പ്രദായമാണ്.**

(എ) ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകളിൽ ഒന്നായ പാർലമെന്ററി ഭരണസമ്പ്രദായത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

ബി) ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്നത് ആരാണ്?

പ്രവർത്തനം – 3

**വ്യക്തികളുടെ ക്രിയാത്മകമായ ഇടപെടലുകൾ മാറ്റത്തിന് കാരണമാകുന്നു. വ്യക്തിയും സമൂഹവും പരസ്പരപൂരകങ്ങളാണ്.**

എ) സാമൂഹീകരണം ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രക്രിയയാണ്. സാമൂഹീകരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?

ബി) കുടുംബത്തിൽ നിന്നാണ് നാം പ്രധാനമായും പെരുമാറ്റശീലങ്ങൾ പഠിക്കുന്നത്. കുടുംബത്തിൽ നിന്നും നാം എന്തെല്ലാം ഗുണങ്ങൾ ശീലിക്കുന്നു?

♦ അച്ചടക്കം


♦ .............................. ♦ ..............................


♦ .............................. ♦ ..............................

പ്രവർത്തനം – 4

**മനുഷ്യരുടെ ചില പ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നുണ്ട്.**

അന്തരീക്ഷ താപവർദ്ധനവിന് കാരണമാകുന്ന വാതകങ്ങളുടെ സ്രോതസ്സുകളെപ്പറ്റി സൂചന നൽകുന്ന ചിത്രങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്.





എ) കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്. മാനവരാശിക്ക് ഈ ദുർവിധി ഉണ്ടാകാതിരിക്കുന്നതിന് അന്തരീക്ഷത്തിന്റെ ലോലസന്തുലനം കാത്തുസൂക്ഷിക്കേണ്ടതാണ്.

പൊതുജനങ്ങളെ ഇക്കാര്യം ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ഒരു **പോസ്റ്റർ തയ്യാറാക്കൂ.**

**പ്രവർത്തനം – 5**

**ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ബഹുജനസമരമായിരുന്നു നിസ്സഹകരണ സമരം. നിസ്സഹകരണസമരം രണ്ട് തരം കർമ്മ പരിപാടികളിൽ അധിഷ്ഠിതമായിരുന്നു.**

എ) നിസ്സഹകരണ സമരമുറകൾ കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക

| ബഹിഷ്കരണ പ്രവർത്തനങ്ങൾ | ക്രിയാത്മക പ്രവർത്തനങ്ങൾ |
|---|---|
| ............................ | ഹിന്ദു മുസ്ലീം ഐക്യം |
| കോടതി ബഹിഷ്കരണം | ............................ |
| ............................ | അയിത്തോച്ചാടനം |

ബി) നിസ്സഹകരണ സമരത്തിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗീകാരം നൽകിയ വർഷമേത്?

സി) ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവയ്ക്കാൻ ഇടയാക്കിയ സംഭവം ഏത്?

**പ്രവർത്തനം – 6**

**ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, സസ്യ-ജന്തുജാലങ്ങൾ എന്നിവയിൽ മറ്റ് രാജ്യങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തതയും വൈവിധ്യവുമുള്ള രാജ്യമാണ് ഇന്ത്യ.**

എ.) നൈസർഗിക സസ്യ-ജാലങ്ങൾക്ക് അനുയോജ്യമായ ജന്തുജാലങ്ങളെ താഴെ തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്തി പട്ടിക പൂർത്തീകരിക്കുക.

- **മയിൽ**
- **പെൻഗ്വിൻ**
- **സിംഹവാലൻ കുരങ്ങ്**
- **വരയാട്**
- **ഒട്ടകം**
- **കംഗാരു**

| **നൈസർഗിക സസ്യജാലങ്ങൾ** | **ജന്തുജാലങ്ങൾ –** |
|---|---|
| ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ | (i) ........................................................ |
| ഇലപൊഴിയും കാടുകൾ | (ii) ........................................................ |
| മുൾച്ചെടികളും കുറ്റിക്കാടുകളും | (iii) ........................................................ |
| പർവതവനങ്ങൾ | (iv) ........................................................ |

ബി. ചുവടെ നൽകിയിരിക്കുന്ന സവിശേഷതകൾ ഏത് നൈസർഗിക സസ്യജാലത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്?

- ഉപ്പുരസമുള്ള മണ്ണിൽ വളരുന്നു.
- നദീമുഖങ്ങളിലും സമുദ്രതീരങ്ങളിലും കരയിടിച്ചിലിനെ ചെറുക്കുന്നു.
- ബംഗാൾ കടുവയുടെ ആവാസ കേന്ദ്രം.

............................................

പ്രവർത്തനം – 7

**ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ആശയങ്ങളും തത്ത്വങ്ങളും നിയമങ്ങളും അടങ്ങുന്ന ആധികാരിക പ്രമാണമാണ് ഭരണഘടന.**

(എ) ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

ബി) ഇന്ത്യൻ ഭരണഘടനാനിർമ്മാണസഭയുടെ താൽക്കാലിക അധ്യക്ഷൻ ആരായിരുന്നു.?

പ്രവർത്തനം – 8

**ജാതിവ്യവസ്ഥയ്ക്കും വിവേചനത്തിനും ചൂഷണത്തിനും എതിരെ അനേകം സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ കേരളത്തിൽ ഉയർന്നുവന്നു.**

എ) ജാതിവ്യവസ്ഥയ്ക്കും വിവേചനത്തിനും ചൂഷണത്തിനും എതിരെ പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താക്കളും അവരുടെ പ്രധാന പ്രവർത്തനങ്ങളുമാണ് ചുവടെ നൽകിയിരിക്കുന്നത്. വിട്ടുപോയ ഭാഗം പൂർത്തിയാക്കുക

| സാമൂഹ്യപരിഷ്കർത്താക്കൾ | പ്രധാന പ്രവർത്തനങ്ങൾ |
|---|---|
| (i) .................................................... | സമപന്തിഭോജനം |
| ചട്ടമ്പിസ്വാമികൾ | ബ്രാഹ്മണ മേധാവിത്വത്തെ എതിർത്തു |
| (ii) .................................................... | 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ആശയം പ്രചരിപ്പിച്ചു |
| കണ്ടകൈ കുഞ്ഞാക്കമ്മ | (iii) .................................................... |

ബി) കേരളത്തിന്റെ സാമൂഹ്യമാറ്റത്തിന് വേണ്ടി പ്രയത്നിച്ചവരിൽ പ്രമുഖനായിരുന്ന അബ്ദുൾ ഖാദർ മൗലവിയുടെ കാഴ്ചപ്പാടുകൾ എന്തെല്ലാം? ഒരു കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം – 9


**സമുദ്രത്തിലൂടെ ഒരു വാണിജ്യപാത കണ്ടെത്തിയതോടെ പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കച്ചവടത്തിനായി ഇന്ത്യയിലെത്തി.**

എ) കച്ചവടത്തിനായി ഇന്ത്യയിൽ എത്തിച്ചേർന്ന പോർച്ചുഗീസുകാർ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

ബി) പോർച്ചുഗീസുകാരുമായുള്ള ഇന്ത്യയുടെ കച്ചവട ബന്ധങ്ങൾ നമ്മുടെ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം – 10

**തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതോടെ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന കിഴക്കൻ റോമാസാമ്രാജ്യം തകർന്നു.**




എ) കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

(i) ഏഷ്യയിൽ നിന്നും യൂറോപ്പിലേയ്ക്കുള്ള കവാടം.

(ii) ..................................

(iii) ..................................

ബി) 1453-ൽ കോൺസ്റ്റാന്റിനോപ്പിളിലെ വലിയൊരു വിഭാഗം ജനങ്ങൾ ഇറ്റലിയിലേക്ക് പലായനം ചെയ്തു. കാരണങ്ങൾ എന്തായിരിക്കാം?

(i) 1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി

(ii) ..................................................

(iii) ..................................................

സി) കോൺസ്റ്റാന്റിനോപ്പിൾ ഇപ്പോൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?